# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.525

## 29/10/2019 ൽ മറുപടി നൽകേണ്ടത്

## സാമൂഹ്യ സുരക്ഷാ പെൻഷൻ

**ചോദ്യം**

ശ്രീ. അനിൽ അക്കര

**മറുപടി**

ഡോ. തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ നിന്നും അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കുമോ; | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ കണ്ടെത്തുന്നതിലേക്ക് ഗിഫ്റ്റ് മുഖാന്തിരം ഒരു സാമ്പിൾ സർവ്വേ നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ഒരു സമഗ്ര സർവ്വേ ദേശീയ സമ്പാദ്യ പദ്ധതിക്ക് കീഴിലെ മഹിളാ പ്രധാൻ ഏജന്റുമാർ മുഖാന്തിരം നടത്താൻ ഉത്തരവായിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമ പഞ്ചായത്തിൽ പൈലറ്റ് സർവ്വെ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പൈലറ്റ് സർവ്വേയിൽ അനർഹരാണെന്ന് കണ്ടെത്തിയവരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനമൊട്ടാകെ സർവ്വേ നടത്തുന്നതിലേക്കുള്ള നടപടികൾ നടന്ന് വരുന്നു. കൂടാതെ താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>1. 1000 സിസിയിൽ കൂടുതൽ എൻജിൻ ശേഷിയുള്ള ടാക്സി അല്ലാത്ത 4 ഉം അതിൽ കൂടുതലും ചക്രങ്ങളുള്ള (അംബാസിഡർ കാർ ഒഴികെ) വാഹനം സ്വന്തം പേരിലുള്ള ഗുണഭോക്താക്കളെ അനർഹരെന്ന് കണ്ടെത്തി ഒഴിവാക്കി.<br>2. ഗുണഭോക്താക്കളിൽ നിന്നും സത്യപ്രസ്താവന വാങ്ങിയിട്ടുള്ളതും 2 |

| | | |
|---|---|---|
| | | ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരും ആദായനികുതി വാങ്ങുന്നവരുമായ വ്യക്തികളെ ഒഴിവാക്കിയിട്ടുണ്ട്.<br>3. അനർഹമായി 2 പെൻഷൻ കൈപ്പറ്റിയിരുന്നവരെ ഒഴിവാക്കിയിട്ടുണ്ട്.<br>4. വിവിധ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്നവരും സർവ്വീസ് പെൻഷൻ വാങ്ങുന്നവരുമായി കണ്ടെത്തിയിട്ടുള്ള വ്യക്തികളെ ഒഴിവാക്കിയിട്ടുണ്ട്.<br>5. സിവിൽ രജിസ്ട്രേഷൻ വെബ്സൈറ്റും സേവന വെബ്സൈറ്റും പരസ്പരം ബന്ധിപ്പിച്ച് മരണപ്പെട്ടു എന്ന് കണ്ടെത്തിയ വ്യക്തികളെ ഒഴിവാക്കിയിട്ടുണ്ട്.<br>6. 3 തവണയിൽ കൂടുതൽ തുടർച്ചയായി പെൻഷൻ കൈപ്പറ്റാത്തവരുടെ വിവരങ്ങൾ പ്രാദേശിക സർക്കാരുകൾക്ക് നൽകിയിട്ടുള്ളതും പ്രാദേശിക സർക്കാരുകൾ അന്വേഷണം നടത്തി ഒഴിവാക്കിയിട്ടുള്ളതുമാണ്. |
| (ബി) | എത്ര അനർഹരാണ് പ്രസ്തുത പെൻഷൻ വാങ്ങുന്നതായി കണ്ടെത്തിയിട്ടുള്ളത്; | ആകെ 59594 പേർ അനർഹമായി പെൻഷൻ കൈപ്പറ്റുന്നതായി ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. അതേ സമയം സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം ഈ സർക്കാരിന്റെ കാലത്ത് 3443414 ൽ നിന്നും 4675223 ആയി വർദ്ധിച്ചിട്ടുണ്ട്. |
| (സി) | ഏഴ് വർഷത്തിലധികമായി ഭർത്താവ് കാണ്മാനില്ലാത്തവർക്ക് വിധവാ പെൻഷൻ ലഭിക്കുന്നതിന് റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | ഉണ്ട്. 25/04/2019 ലെ 35/2019/ധന നമ്പർ പരിപത്രം പ്രകാരം ഏഴ് വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ എന്ന് വ്യക്തത വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ